# ORTHODOX CHRISTIAN YOUTH MOVEMENT

St. Thomas Bhavan, Old Seminary Road, Kottayam

Phone : 0481 2583997


## പ്രമേയം

വിശുദ്ധ മാർത്തോമാ ശ്ലീഹായാൽ ഭാരതത്തിൽ സ്ഥാപിതമായി ഇരുപത് നൂറ്റാണ്ടായി ദേശീയ സഭയായി പ്രശോഭിക്കുന്നതാണ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ. ഭാരതീയ സംസ്ക്കാരത്തോട് ചേർന്നും രാജ്യത്തിന്റെ ഭരണഘടനയ്ക്കും നീതിന്യായ വ്യവസ്ഥയ്ക്കും സഭയുടെ ഭരണഘടനയ്ക്കും വിധേയപ്പെട്ടും നിലനിൽക്കുന്നു.

2017 ജൂലൈ 3-ാം തീയതി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് അനുകൂലമായി 1934 ലെ സഭാ ഭരണഘടന അംഗീകരിച്ചുകൊണ്ട് ഭാരതത്തിന്റെ പരമോന്നത നീതിപീഠം സഭാ കേസുകൾക്ക് വിധി തീർപ്പ് കൽപ്പിച്ചു. ആയതിൻ പ്രകാരം കോതമംഗലം, പിറവം, കട്ടച്ചിറ എന്നീ ദേവാലയങ്ങളിൽ ബഹു.സുപ്രീം കോടതി വിധികൾ നടപ്പിലാക്കി ആരാധനാ സ്വാതന്ത്ര്യം നിർവഹിക്കുവാൻ വേണ്ട സത്വര നടപടികൾ ബഹു. സംസ്ഥാന സർക്കാർ സ്വീകരിക്കണമെന്ന് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം ആവശ്യപ്പെടുന്നു.

അവതാരകൻ :

അനുവാദകൻ :

ഭദ്രാസനം :

ഇടവക :

യൂണിറ്റ് :

To,

നിയമസഭാ സമാജികന്റെ പേര് :

നിയോജകമണ്ഡലം :

# ORTHODOX CHRISTIAN YOUTH MOVEMENT

St. Thomas Bhavan, Old Seminary Road, Kottayam

Phone : 0481 2583997


## സർക്കുലർ

പ്രിയ സഹപ്രവർത്തകരെ,

2018 ഡിസംബർ 28, 29 തീയതികളിൽ പരുമല സെമിനാരിയിൽവെച്ച് പ്രസ്ഥാനം പ്രസിഡന്റ് അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ കേന്ദ്ര സമിതി തീരുമാനപ്രകാരം ബഹു. സുപ്രീം കോടതി വിധി നടപ്പാക്കുന്നത് സംബന്ധിച്ച് അറിയിക്കുന്നത്,

1. ഇതോടൊപ്പമുള്ള പ്രമേയം അതാത് യൂണിറ്റ് യോഗങ്ങളിൽ അവതരിപ്പിച്ച് അംഗീകരിച്ച് ജനുവരി 14-ാം തീയതിയ്ക്ക് മുമ്പായി ഭദ്രാസന സെക്രട്ടറിമാരെ ഏൽപ്പിക്കണം.
2. ഭദ്രാസന ചുമതലക്കാർ യൂണിറ്റുകൾ പാസാക്കിയ പ്രമേയങ്ങൾ ഭദ്രാസനത്തിൽ ഉൾപ്പെടുന്ന ഭരണകക്ഷി നിയമസഭാ സാമാജികർക്ക് നൽകുകയും സഭാ കേസ് സംബന്ധമായ സുപ്രീം കോടതി വിധികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത അവരെ ബോധിപ്പിക്കുകയും വേണം.
3. ഭദ്രാസന സെക്രട്ടറിമാർ യൂണിറ്റ് പാസാക്കിയ പ്രമേയത്തിന്റെ കോപ്പികൾ ജനുവരി 15 നു മുമ്പായി **ജനറൽ സെക്രട്ടറി ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം, സെന്റ് തോമസ് യൂത്ത് സെന്റർ, ചുങ്കം, കോട്ടയം** എന്ന വിലാസത്തിലോ/നേരിട്ടോ ഏൽപ്പിക്കണം.
4. സഭാകേസ് സംബന്ധമായ ബോധവത്ക്കരണത്തിനായി യൂണിറ്റ് - ഡിസ്ട്രിക്ട് - മേഖല - ഭദ്രാസനതലങ്ങളിൽ വിശദീകരണ യോഗങ്ങൾ സംഘടിപ്പിക്കണം.

**ഫാ. അജി കെ. തോമസ്**

ജനറൽ സെക്രട്ടറി